MEDIA STUDIES

# അതീതയാഥാർത്ഥ്യവും നവ സാമൂഹിക ക്രമവും: ഡിജിറ്റൽ യുഗത്തിലെ യാഥാർത്ഥ്യത്തിന്റെ പരിണാമം

**എസ്. ആർ. ഹരിത**
അസിസ്റ്റന്റ് പ്രൊഫസർ (ON CONTRACT)
മലയാളവിഭാഗം
ശ്രീനാരായണ കോളേജ്, കൊല്ലം
Email: harithasundar7@gmail.com

**സംഗ്രഹം**

ജീൻ ബോദ്രിയാറുടെ അതീതയാഥാർത്ഥ്യം എന്ന സിദ്ധാന്തത്തെ അടിസ്ഥാനമാക്കി, ഡിജിറ്റൽ മാധ്യമങ്ങൾ എങ്ങനെയാണ് സാമൂഹികക്രമങ്ങൾ പുനർവ്യാഖ്യാനം ചെയ്യുന്നതെന്നും യാഥാർത്ഥ്യവും അതീതയാഥാർത്ഥ്യവും തമ്മിലുള്ള അതിരുകൾ എങ്ങനെ മായുന്നു എന്നുമാണ് ഈ പ്രബന്ധം പരിശോധിക്കുന്നത്. അതീതയാഥാർത്ഥ്യം പ്രത്യക്ഷമാകുന്നത് സമൂഹമാധ്യമങ്ങൾ, വെർച്വൽ സമൂഹങ്ങൾ, ഇവയിൽ പ്രത്യക്ഷമാകുന്ന അൽഗോറിതമിക് സ്വാധീനം എന്നിവയിലൂടെയാണ്. ഇത് വ്യക്തിപരമായ ഇടപെടലുകൾ, സാമൂഹിക-രാഷ്ട്രീയമണ്ഡലത്തിലെ ഇടപെടലുകൾ എന്നിവയെ പിന്നീട് സാരമായി ബാധിക്കും. സമകാലിക സാഹചര്യത്തിൽ, സാമൂഹികക്രമങ്ങളുടെ നിർമിതിയിലും സാമൂഹിക ശ്രേണികളുടെ സ്ഥാപനത്തിനും ഡിജിറ്റൽ സാന്ദ്രീകരണത്തിന്റെ സാഹചര്യത്തിൽ അർത്ഥസൃഷ്ടിക്കും ഈ പ്രതിഭാസത്തിന് അഗാധമായ സാധ്യതകളുണ്ട്.

**താക്കോൽവാക്കുകൾ :** ഹൈപ്പർ റിയാലിറ്റി, സിമുലാക്ര, അൽഗോറിതം, സിമുലേഷൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്.

## ആമുഖം

ഡിജിറ്റൽയുഗത്തിൽ യാഥാർത്ഥ്യവും വെർച്വൽ പ്രതിനിധാനവും തമ്മിലുള്ള അന്തരം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. അതായത് പകർപ്പേത്, യാഥാർത്ഥ്യമേത് എന്ന് തിരിച്ചറിയുന്നതിനുള്ള ആധികാരികമായ വേർതിരിവുകൾ മാഞ്ഞുകൊണ്ടിരിക്കുന്നു. ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ, സമൂഹമാധ്യമങ്ങൾ, നിമഗ്ന സാങ്കേതികതകൾ (immersive technologies),

എന്നിവയുടെ ആധിപത്യത്തിലൂടെ വ്യക്തിക്ക് മാധ്യമീകൃതരൂപത്തിലുള്ള യാഥാർത്ഥ്യമാണ് അനുഭവപ്പെടുന്നത്. മാധ്യമീകൃത രൂപത്തിലുള്ള യാഥാർഥ്യം എന്നത് കൊണ്ട് ഇവിടെ സൂചിപ്പിക്കുന്നത് പല സ്ക്രീനുകളിലൂടെ വ്യക്തിക്ക് മുന്നിലെത്തുന്ന സംഭവങ്ങളുടെയും വസ്തുതകളുടെയും പകർപ്പുകളെയാണ്. യാഥാർത്ഥ്യത്തെക്കാളും സജീവവും സ്വാധീനശേഷിയുള്ളതുമാണിത്. യാഥാർത്ഥ്യത്തിന്റെ അനുകരണങ്ങൾ യാഥാർത്ഥ്യത്തെക്കാൾ കൂടുതൽ 'യഥാർത്ഥ'മാകുന്ന ഒരു അവസ്ഥയെക്കുറിച്ച് ജീൻ ബോദ്രിയാർ സൂചിപ്പിക്കുന്നു (Baudrillard, 1994). പുതിയ സാമൂഹികക്രമങ്ങളുടെ നിർമ്മിതിയിൽ അതീതയാഥാർത്ഥ്യം വലിയ പങ്കുവഹിക്കുന്നുണ്ട്. വ്യക്തികളുടെ ഇടപെടൽ, ശേഷി, സ്വത്വരൂപീകരണം, വസ്തുതകളെയും സംഭവങ്ങളെയും വ്യാഖ്യാനിക്കുന്ന രീതി എന്നിവയെ അതീതയാഥാർത്ഥ്യം സാരമായി സ്വാധീനിക്കുന്നുണ്ട്. ഡിജിറ്റൽ യുഗത്തിലെ യാഥാർത്ഥ്യത്തിന്റെ അവസ്ഥയിൽ ഹൈപ്പർ റിയാലിറ്റി ചെലുത്തുന്ന സ്വാധീനമാണ് ഈ പ്രബന്ധത്തിൽ പഠനവിധേയമാക്കിയിരിക്കുന്നത്.

ഡിജിറ്റൽ യുഗത്തിൽ നൂതനസാങ്കേതികവിദ്യകളെ മനസ്സിലാക്കുന്നതിനും അവകളെ സമൂഹത്തിന്റെയും ജീവിതത്തിന്റെയും വിവിധ ഇടങ്ങളിലേക്ക് സ്വീകരിക്കുന്നതിനും മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. യാഥാർത്ഥ്യത്തെക്കുറിച്ചുള്ള ആശയം ഇത്തരം പുനർനിർമ്മിതികളിലൂടെ പരിവർത്തനത്തിനു വിധേയമാകുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ (AI) ഡിജിറ്റൽ മീഡിയ പ്ലാറ്റ്ഫോമുകളിലേക്കുള്ള സംയോജനം ഈ പരിവർത്തനത്തെ ത്വരിതപ്പെടുത്തി. ചാറ്റ് ജിപിടി, ജെമിനൈ (Gemini) എന്നീ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപകരണങ്ങൾ ദൈനംദിന ജീവിതത്തിലേക്ക് ഉൾച്ചേർന്നത് അത്രമേൽ സ്വാഭാവികതയോടെയാണ്. എന്ത് ചോദ്യവും എപ്പോൾ വേണമെങ്കിലും ചോദിക്കാവുന്ന ഓൺലൈൻ അദ്ധ്യാപകരോ, സുഹൃത്തോ വഴികാട്ടിയോ ഒക്കെയാണ് ഇന്നിവർ.

## എന്താണ് അതീതയാഥാർത്ഥ്യം?

യാഥാർത്ഥ്യത്തിനും സിമുലേഷനും ഇടയിലുള്ള അതിർത്തികൾ മായുകയും, യാഥാർത്ഥ്യത്തിന്റെ പകർപ്പുകൾ ഏതെന്ന് തിരിച്ചറിയാനും കഴിയാത്ത അവസ്ഥയാണ് അതീതയാഥാർത്ഥ്യം. ഉത്തരാധുനിക സാമൂഹികഘടനകളിൽ ഈ പ്രവണത ആധിപത്യം പുലർത്തുന്നുണ്ട്. നവമാധ്യമങ്ങളുടെ കൂടെ ഉൽപ്പന്നമായ അതീതയാഥാർത്ഥ്യം സാമൂഹികക്രമങ്ങളെ പുനർനിർണ്ണയിക്കുന്നു. കൂടാതെ സ്വത്വരൂപീകരണം, അധികാരഘടന എന്നിവയിലും സ്വാധീനം ചെലുത്തുന്നു. സ്വാധീനം ഏതളവിൽ അടയാളപ്പെടുമ്പോളാണ് സാമൂഹിക ക്രമമായി അംഗീകരിക്കപ്പെടുന്നത് എന്ന് കൃത്യമായി അടയാളപ്പെടുത്തേണ്ടതുണ്ട്. ഭാവനയും വാസ്തവവും ഇടകലർന്ന് പ്രസരിക്കുന്ന സമൂഹമാധ്യമങ്ങൾ, സിനിമ, പരസ്യങ്ങൾ ഇവയിൽ പ്രത്യക്ഷപ്പെടുന്ന ഐഡിയൽ ജീവിതം, സൗന്ദര്യശാസ്ത്രപരമായ നിരീക്ഷണങ്ങൾ എന്നിവ കാലഘട്ടത്തിന്റെ ഘടനയെ അടയാളപ്പെടുത്തുന്നു. ഇത് തന്നെയാണ് ഉത്തരാധുനിക/മനുഷ്യാനന്തര/ഡിജിമോഡേണിസ്റ്റ് സമൂഹങ്ങളിലെ ഹൈപ്പർ റിയൽ പ്രവണതകളായി പ്രത്യക്ഷപ്പെടുന്നതും.

## നവമാധ്യമങ്ങളും യാഥാർത്ഥ്യസൃഷ്ടിയും

മാർഷൽ മക്ലൂഹന്റെ 'മാധ്യമം തന്നെ സന്ദേശം' എന്ന പ്രസ്താവന മാധ്യമസങ്കേതങ്ങൾ എങ്ങനെയാണ് മാനുഷികഗ്രഹണശേഷിയെ സ്വാധീനിക്കുന്നത് എന്നു മനസിലാക്കാൻ

സഹായിക്കുന്നതാണ്. ഡിജിറ്റൽ യുഗത്തിൽ സമൂഹമാധ്യമങ്ങളും മറ്റു സ്ട്രീമിങ് സേവനങ്ങളും യാഥാർത്ഥ്യപ്രതീതി സൃഷ്ടിക്കുന്നതിൽ കേന്ദ്ര സ്ഥാനത്താണ് നിൽക്കുന്നത്. പ്രത്യേകമായി തിരഞ്ഞെടുക്കപ്പെട്ട അനുഭവങ്ങൾ, അൽഗോറിതങ്ങളിലൂടെ നിയന്ത്രിക്കപ്പെടുന്ന ഫീഡുകൾ എന്നിവയിലൂടെ മാധ്യമീകരിക്കുന്ന അനുഭവങ്ങളിലൂടെ ഒരു ഹൈപ്പർ റിയൽ പരിസ്ഥിതി സൃഷ്ടിക്കുന്നു. ഇതിലൂടെ യാഥാർത്ഥ്യം സൃഷ്ടിക്കപ്പെടുകയും, പുനഃസൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. മാനുവൽ കാസ്റ്റൽസിന്റെ പഠനത്തിൽ ശൃംഖലാവത്കൃത ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ സഞ്ചിതാവബോധസൃഷ്ടിയിൽ ചെലുത്തുന്ന സ്വാധീനം വിശദമാക്കിയിട്ടുണ്ട്. മാധ്യമീകൃത അനുഭവങ്ങളാണ് ലോകവുമായുള്ള വ്യക്തിയുടെ ഇടപെടലുകളെ സ്വാധീനിക്കുന്ന പ്രധാന ഘടകം. ചുറ്റും കാണുന്ന കാഴ്ചകൾക്കുപരി സ്ക്രീൻ കാഴ്ചകൾക്കാണ് ഇന്ന് ആധികാരികത. യാഥാർത്ഥ്യം എന്ന ആശയം തന്നെ പ്രശ്നാത്മകമാണ്. മതം, ശാസ്ത്രം, ദർശനം എന്നിവയിലൂന്നിയും വസ്തുനിഷ്ഠമായും ദാർശനികമായും നിരന്തര മൂല്യനിർണയത്തിന് വിധേയമാക്കപ്പെടുന്ന ആശയമാണ് 'യാഥാർത്ഥ്യം'. ഒരുവന്റെ കാഴ്ചകളിലും അനുഭവങ്ങളിലും അവന് ചുറ്റുമുള്ള സമൂഹങ്ങളിലുമായി സൃഷ്ടിക്കപ്പെടുന്ന അവസ്ഥകൾ അയാളുടെ വ്യക്തിനിഷ്ഠമായ യാഥാർത്ഥ്യ ബോധത്തെ മാത്രമാവും സൂചിപ്പിക്കുന്നത്. ഈ ലെൻസിലൂടെ ആഗോള തലത്തിൽ യാഥാർത്ഥ്യം നിർവചിക്കാൻ കഴിയില്ല. ഈ സാഹചര്യത്തിലാണ് വ്യക്തിസ്വത്വം ഡിജിറ്റൽ യുഗത്തിൽ എങ്ങനെയെല്ലാം പരിവർത്തനവിധേയമാകുന്നു എന്ന് വിലയിരുത്തേണ്ടത്.

## ഡിജിറ്റൽ യുഗത്തിലെ സ്വത്വം

ഹൈപ്പർ റിയലായ ഡിജിറ്റൽ ലോകത്ത്, വ്യക്തവും വ്യതിരിക്തവുമായ സ്വത്വവുമുണ്ടായിരിക്കുക എന്ന ആശയം വെല്ലുവിളികൾ നിറഞ്ഞതാണ്. വ്യക്തികൾ അവരുടെ ഓഫ്ലൈൻ സ്വഭാവവുമായി ഏറെ ഒന്നും ബന്ധമില്ലാത്ത ഒന്നിലധികം വ്യക്തിത്വങ്ങൾ സൃഷ്ടിക്കുന്നുണ്ട്. (Turkle, 2011). ഇത്തരത്തിൽ സൃഷ്ടിക്കപ്പെടുന്ന ഡിജിറ്റൽ ഐഡന്റിറ്റികൾ വെർച്വൽ ഇടങ്ങളിൽ നിലനിൽക്കുന്ന സാമൂഹികമാനദണ്ഡങ്ങളുമായി പൊരുത്തപ്പെടാൻ വേണ്ടിയുള്ള ആഗ്രഹത്തിന്റെ കൂടെ ഫലമായി ഉണ്ടാകുന്നതാണ്. ചുരുക്കത്തിൽ, ഡിജിറ്റൽ യുഗത്തിലെ സ്വത്വം എന്നത് ചലനാത്മകവും, ശകലീകൃതവും നിരന്തരം പുനർനിർമ്മിക്കപ്പെട്ടുകൊണ്ടിരിക്കുന്നതുമാണ്. വ്യക്തിയുടെ ഭൗതിക ലക്ഷണങ്ങളുടെ (പ്രായം, ലിംഗം, ഗോത്രം..) ഒന്നും അടിസ്ഥാനത്തിലല്ല ഇന്ന് സ്വത്വം ബന്ധിക്കപ്പെട്ടിരിക്കുന്നത്. മനുഷ്യകുലം തന്നെ അല്ലെങ്കിപോലും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സൃഷ്ടികൾക്ക് പോലും അതിന്റെ ഐഡന്റിറ്റി ഉയർത്തിപ്പിടിക്കാൻ കഴിയും. ഐറിസ് എന്ന് പേരിൽ അറിയപ്പെടുന്ന കേരളത്തിലെ ആദ്യത്തെ സ്കൂൾ ടീച്ചർ (കെ ടി സി ടി ഹയർ സെക്കൻഡറി സ്കൂൾ, തിരുവനന്തപുരം), @aswathy_achu.ai എന്ന പേരിൽ അറിയപ്പെടുന്ന കേരളത്തിലെ ആദ്യത്തെ ഇൻസ്റ്റാഗ്രാം എ ഐ ഇൻഫ്ലുവെൻസർ ഓക്കെ ഇത്തരം സ്വത്വ വ്യതിയാനങ്ങളുടെ പുതിയ മുഖങ്ങളാണ്. മനുഷ്യാനന്തരതയെ സ്വീകരിച്ചു കഴിഞ്ഞ ടെക്നോസംസ്കൃതിയിലാണ് വ്യക്തി ഇന്ന് ജീവിക്കുന്നത്.

മനുഷ്യശരീരത്തെ തന്നെ ടെക്നോളജൈസ് ചെയ്യുന്നതിലൂടെ മനുഷ്യത്വത്തിന്റെ നവീകരണം സാധ്യമാവും എന്ന വിശ്വാസധാരയും സമകാലിക സമൂഹത്തിൽ പ്രചാരത്തിലുണ്ട്. ശരീരം എന്ന ആശയം കേന്ദ്രസ്ഥാനത്ത് നിന്ന് മാറ്റിവെക്കപ്പെടുകയും, 'മനുഷ്യൻ' എന്നത്

 ISSN: 2582 - 2594

ശരീരനിഷ്ഠം മാത്രമല്ലാത്തൊരു വിഷയമായി മാറുകയും ചെയ്യുന്നു. വെർച്വൽ സൈബറിടങ്ങളിൽ ജീവിക്കുന്ന ബയോമെഡിക്കലി വളരെ വികസിതമായ മനുഷ്യാനന്തരതയെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. നൂറ്റാണ്ടുകൾ പഴക്കമുള്ള, പടിഞ്ഞാറിന്റെ കാർട്ടീഷ്യൻ ഈഗോയുടെ പിടിയിൽ നിന്ന് മുക്തമായ മനുഷ്യവർഗത്തിലേക്കുള്ള സാധ്യതയാണിത് മുന്നോട്ട് വെക്കുന്നത്.

### ഹൈപ്പർ റിയാലിറ്റിയിലെ യാഥാർത്ഥ്യസൃഷ്ടി

ഡിജിറ്റൽ യുഗത്തിൽ യാഥാർത്ഥ്യം എന്നത് സ്ക്രീനുകളിലൂടെ സംപ്രേഷണം ചെയ്യപ്പെടുന്നതാണ്. ചിത്രങ്ങൾ, വീഡിയോകൾ, പോസ്റ്റുകൾ എന്നിവയിലൂടെ വ്യക്തിക്ക് അവനവന്റെ ജീവിതം നിർമ്മിക്കാനും അത് പരിപാലിക്കാനും കഴിയുന്ന തരത്തിലുള്ള പരിതഃസ്ഥിതി സൃഷ്ടിക്കുന്നുണ്ട്. ഓഫ്‌ലൈൻ ജീവിതത്തിൽനിന്ന് അകന്നുനിൽക്കുന്നതും ആദർശവത്കരിക്കപ്പെട്ടതും തിരഞ്ഞെടുക്കപ്പെട്ടതുമായ യാഥാർത്ഥ്യത്തിന്റെ പതിപ്പാണ് ഇത്തരത്തിൽ സൃഷ്ടിക്കപ്പെടുന്നത്. സിമുലാക്ര അഥവാ യാഥാർത്ഥ്യവുമായി യാതൊരു ബന്ധവുമില്ലാത്ത പകർപ്പുകൾ കൊണ്ട് യാഥാർത്ഥ്യത്തെ മാറ്റിവെക്കുകയും അതേസമയം ഉപയോക്താക്കൾ ഇവയെ യാഥാർത്ഥ്യമായി സ്വീകരിക്കുകയും ചെയുന്നു.

ഡിജിറ്റൽ കാലഘട്ടത്തിൽ സ്ക്രീനുകളിലൂടെയാണ് യാഥാർത്ഥ്യസൃഷ്ടി നടക്കുന്നത്. ഇൻസ്റ്റാഗ്രാം, ഫേസ്ബുക്, ടിക്ടോക് മുതലായ പ്ലാറ്റ്ഫോമുകൾ തങ്ങളെക്കുറിച്ചും, ലോകത്തെക്കുറിച്ചുമുള്ള ഉപയോക്താക്കളുടെ വീക്ഷണത്തെ പരുവപ്പെടുത്തുന്നു. ഓൺലൈനിൽ കാണുന്ന 'ക്യൂറേറ്റ്' ചെയ്യപ്പെട്ട ചിത്രങ്ങളും വിവരണങ്ങളും സ്വന്തം ജീവിതവും അനുഭവങ്ങളുമായി തട്ടിച്ചുനോക്കാൻ ശ്രമിക്കുന്ന പ്രവണത പ്രബലമായിക്കഴിഞ്ഞു. ഇത്തരം പ്രവണതകൾ യാഥാർത്ഥ്യത്തെ മനസിലാക്കുകയും വിലമതിക്കുകയും ചെയ്യുന്ന രീതികളിൽ മാറ്റം വരുത്തുന്നു. എ. ഐ. പോലെയുള്ള സാങ്കേതികതയുടെ വ്യാപനവും ഈ അവസരത്തിലാണ് പ്രസക്തമാകുന്നത്. മെഷീൻ ലേണിംഗ് അൽഗോരിതങ്ങൾ, ഫേഷ്യൽ റെക്കഗ്നിഷൻ, കോൺടെന്റ് ക്യൂറേഷൻ എന്നിവയിലൂടെ, AI ഉപയോക്തൃ അനുഭവങ്ങൾ വ്യക്തിഗതമാക്കുക മാത്രമല്ല, വ്യക്തികൾ വസ്തുനിഷ്ഠമായ യാഥാർത്ഥ്യത്തിൽനിന്ന് കൂടുതൽ അകന്നുനിൽക്കുന്ന ഒരു അന്തരീക്ഷമുണ്ടാക്കുകയും ചെയ്യുന്നു.

### സമൂഹമാധ്യമങ്ങളുടെ പങ്ക്

സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ ഹൈപ്പർ റിയൽ ഇടങ്ങളായി പ്രവർത്തിക്കുകയും യഥാർത്ഥ, വെർച്വൽ ഘടകങ്ങളെ സുഗമമായി ഇഴുകിച്ചേർക്കുകയും ചെയ്യുന്നു. ഉപയോക്താക്കൾക്ക് അവരുടെ പ്രതിനിധാനങ്ങൾ സ്വയം ക്രാഫ്റ്റ് ചെയ്യാനും എഡിറ്റ് ചെയ്യാനും യാഥാർത്ഥ്യത്തെക്കാൾ മികച്ചതാക്കാനുമുള്ള ഉപകരണങ്ങൾ നൽകുന്നതിലൂടെ ഒരാളുടെ യഥാർത്ഥ അനുഭവങ്ങളെക്കാൾ മികച്ച പതിപ്പുകൾ സൃഷ്ടിക്കാൻ കഴിയുന്നു. ഇത്തരം പ്ലാറ്റ്ഫോമുകളിലെ പോസ്റ്റുകളും സ്റ്റോറികളും ഫീഡുകളും ഉപയോക്താക്കളുടെ ജീവിതത്തിലെ മികച്ച സന്ദർഭങ്ങൾ മാത്രം ഹൈലൈറ്റ് ചെയ്യാനും ദൃശ്യപരമായി ആകർഷകമാക്കാനും കഴിയും. ആധികാരികത ഇല്ലാത്ത ആദർശവത്കൃതയാഥാർത്ഥ്യങ്ങളാണ് ഈ രീതിയിൽ പ്രോത്സാഹിപ്പിക്കപ്പെടുന്നത്. ഇത്തരത്തിലുള്ള മധ്യസ്ഥ യാഥാർത്ഥ്യങ്ങൾ, നേരിട്ടുള്ളതും അരിച്ചെടുക്കാത്തതുമായ അനുഭവങ്ങളെ മാറ്റിസ്ഥാപിക്കുന്നു. സ്വയം കാണാനും മറ്റുള്ളവരെ കാണാനുമുള്ള ലെൻസായി ഇത്

മാറുന്നു. യഥാർത്ഥ അനുഭവങ്ങളെ അറിയുന്നതിനു പകരം, വ്യക്തികൾക്ക് ഈ പ്രതിനിധാനങ്ങളിൽ മുഴുകാൻ താല്പര്യമേറിയിരിക്കുന്നു.

## അൽഗോരിതമിക് ക്യൂരേഷനും എക്കോ ചേമ്പറുകളും

ഉപഭോക്തൃ പെരുമാറ്റത്തിനനുസരിച്ച് ഉള്ളടക്കം വ്യക്തിഗതമാക്കുക, നിർദിഷ്ടവിശ്വാസങ്ങളുടെയും ആഖ്യാനങ്ങളുടെയും ബലപ്പെടുത്തൽ എന്നിവയിലൂടെ അതീത യാഥാർത്ഥ്യത്തിന്റെ ആഘാതം സോഷ്യൽ മീഡിയ അൽഗോരിതങ്ങൾ ശക്തമാക്കുന്നു. ഉദാഹരണത്തിന്, ഒരു വ്യക്തിയുടെ താല്പര്യങ്ങളെ പ്രതിഫലിപ്പിക്കുന്ന ഒരു ഫീഡ് ക്യൂറേറ്റ് ചെയ്യാനായി അയാളുടെ ലൈക്കുകൾ, ഷെയറുകൾ, ഇടപെടലുകൾ എന്നിവ വിശകലനം ചെയ്ത് ബന്ധപ്പെട്ട വസ്തുതകളും, വിവരങ്ങളും തന്നെ വീണ്ടും വ്യക്തിക്കു മുന്നിലേക്ക് എത്തിക്കുന്നു. ഇതിലൂടെ വൈരുദ്ധ്യാത്മക വീക്ഷണങ്ങൾ ഒഴിവാക്കുന്ന, സ്വയം സൃഷ്ടിച്ചെടുക്കുന്ന യാഥാർത്ഥ്യ പരിസരം രൂപം കൊള്ളുന്നു. ഇത്തരം തിരഞ്ഞെടുപ്പുകൾ 'എക്കോ ചേമ്പറുകളുടെ' സൃഷ്ടിയിലേക്കു നയിക്കുന്നു. ഇവിടെ ഉപയോക്താക്കൾ അവരുടെ വിശ്വാസങ്ങളെയും ആദർശങ്ങളെയും സ്ഥിരീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന ഉള്ളടക്കത്തിന്റെ തുടർച്ചകൾ കൊണ്ട് ചുറ്റപ്പെട്ടിരിക്കുന്നു. വസ്തുനിഷ്ഠമായ യാഥാർത്ഥ്യത്തിൽനിന്ന് അവർ കൂടുതൽ അകലുന്നു. ഈ പ്രതിഭാസത്തിന് സാമൂഹികവും രാഷ്ട്രീയവുമായ പ്രത്യാഘാതങ്ങളുണ്ട്. ഒരു എക്കോ ചേമ്പറിൽ, അൽഗോരിതങ്ങൾ അവതരിപ്പിക്കുന്ന സിമുലേഷൻ യാഥാർത്ഥ്യമായി അംഗീകരിക്കപ്പെടുന്നു, പലപ്പോഴും ബദൽ വീക്ഷണങ്ങൾ ഫിൽട്ടർ ചെയ്യപ്പെടുന്ന ധ്രുവീകരിക്കപ്പെട്ട ലോകവീക്ഷണത്തിലേക്ക് ഇത് നയിക്കുന്നു. ഇത് സാമൂഹികപ്രശ്നങ്ങളെക്കുറിച്ചുള്ള വ്യക്തികളുടെ ധാരണയെ വികലമാക്കുകയും തെറ്റിദ്ധാരണകളും വ്യത്യസ്ത വീക്ഷണങ്ങളോടുള്ള അസഹിഷ്ണുത വളർത്തുകയും ചെയ്യും. ഉദാഹരണത്തിന്, രാഷ്ട്രീയ സംഭവങ്ങളിൽ, അൽഗോരിതം-അധിഷ്ഠിത എക്കോ ചേമ്പറുകൾ വസ്തുതാധിഷ്ഠിത വ്യവഹാരങ്ങളെ മറികടക്കുന്ന ഹൈപ്പർ റിയൽ, സെൻസേഷണലൈസ്ഡ് ആഖ്യാനങ്ങളുടെ വ്യാപനത്തിന് സംഭാവന നൽകുന്നുവെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

ഡിജിറ്റൽ ഇടങ്ങളിൽ AI യുടെ സ്വാധീനം ഉപയോക്തൃസൗകര്യത്തിനപ്പുറം വ്യാപിക്കുന്നു; അത് സാമൂഹികക്രമത്തിന്റെ സ്വഭാവത്തെ അടിസ്ഥാനപരമായി മാറ്റുന്നു. ഉപയോക്തൃ ഇടപഴകൽ പരമാവധിയാക്കാൻ രൂപകൽപ്പന ചെയ്തിരിക്കുന്ന അൽഗോരിതങ്ങൾക്ക്, ഉപയോക്താക്കൾ എന്ത് ഉള്ളടക്കം കാണണമെന്ന് നിർദ്ദേശിക്കാനും അവരുടെ ധാരണകളും പെരുമാറ്റങ്ങളും സൂക്ഷ്മവും എന്നാൽ പ്രാധാന്യമുള്ളതുമായ രീതിയിൽ രൂപപ്പെടുത്താനും കഴിയും. ഈ AI-അധിഷ്ഠിത ക്യൂറേഷന് എക്കോ ചേമ്പറുകൾ ശക്തിപ്പെടുത്താൻ കഴിയും, അവിടെ ഉപയോക്താക്കൾക്ക് അവരുടെ മുൻകാലവിശ്വാസങ്ങളുമായി യോജിപ്പിക്കുന്ന വിവരങ്ങൾ മാത്രമേ ലഭ്യമാകൂ, ഇത് ധ്രുവീകരിക്കപ്പെട്ട ലോകവീക്ഷണങ്ങളിലേക്ക് നയിക്കുകയും സ്വയം ഉൾക്കൊള്ളുന്ന ഡിജിറ്റൽ യാഥാർത്ഥ്യങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു (Pariser 2011).

## സാമൂഹിക ഇടപെടലുകളിലും ആശയവിനിമയത്തിലും വന്ന പരിവർത്തനം

അതീത യാഥാർത്ഥ്യത്തിന്റെ കാലത്ത് സാമൂഹിക ഇടപെടലുകൾ പ്രകടനങ്ങളായി മാറുന്നു. സൗഹൃദങ്ങൾക്കോ ഫോളോവെർസിനോ വേണ്ടി മാത്രമല്ല ഉപയോക്താക്കൾ ആശയവിനിമയം നടത്തുന്നത്. മറിച്ച് ഒരു സദസ്സിനായാണ്. ഇത്തരം ഇടപെടലുകളാവട്ടെ സാമൂഹി

കമായ പ്രതീക്ഷകൾക്കും പ്ലാറ്റ്ഫോം നിയമങ്ങൾക്കും അധിഷ്ഠിതമായിരിക്കും. ഇൻഫ്ലുവൻസർ സംസ്കാരത്തിലാണ് ഇത്തരം പ്രകടനപരത വ്യക്തമായി കാണാനാവുക. ഇതിൽ ഇൻഫ്ലുവൻസേർസ് സാമൂഹികമൂലധനം നേടുന്നത് ഹൈപ്പർ റിയലിസ്റ്റിക്കായ ജീവിതരീതികൾ ഫോളോവേഴ്സുമായി പങ്കുവെച്ചുകൊണ്ടാണ്. ഫിൽറ്ററുകൾ, എഡിറ്റിംഗ്, കഥാഖ്യാനരീതികൾ എന്നിവയിലൂടെ ഇൻഫ്ലുവൻസേഴ്സ് ഒരു സിമുലേറ്റഡ് റിയാലിറ്റി സൃഷ്ടിക്കുകയാണ് പതിവ്.

ഈ മാറ്റം ആളുകൾ ആശയവിനിമയം നടത്തുന്ന രീതിയെ പരിവർത്തനം ചെയ്യുന്നു, ആധികാരികതക്ക് ഹൈപ്പർ റിയൽ സൗന്ദര്യശാസ്ത്രത്തിന് പിന്നിലേ സ്ഥാനമുള്ളൂ എന്ന അവസ്ഥ സംജാതമാകുന്നു. യഥാർത്ഥ ഇടപെടലിനെ അടിസ്ഥാനമാക്കി ബന്ധങ്ങൾ രൂപീകരിക്കുന്നതിനുപകരം, ഉപയോക്താക്കൾ അവരുടെ ഹൈപ്പർ റിയൽ വ്യക്തിത്വങ്ങളെ സാധൂകരിക്കാനോ പ്രോത്സാഹിപ്പിക്കാനോ സഹായിക്കുന്ന ഇടപെടലുകളിൽ ഏർപ്പെടുന്നു. ഇത്തരത്തിൽ രൂപപ്പെടുന്ന സാമൂഹിക ബന്ധങ്ങൾക്ക് ആഴം കുറവായിരിക്കും. കാരണം അവ രൂപീകൃതമായിരിക്കുന്നത് ഡിജിറ്റൽ സിമുലേഷനുകളുടെ അടിസ്ഥാനത്തിലാണ്. ഡിജിറ്റൽ ബന്ധുത്വം എന്ന അവസ്ഥ നിലനിൽക്കുമ്പോഴും സാമൂഹിക വിച്ഛേദത്തിന്റെ ഛായ ഇത്തരം ബന്ധങ്ങളിൽ നിഴലിക്കും.

## ഹൈപ്പർ റിയാലിറ്റിയുടെ മനഃശാസ്ത്രപരമായ ആഘാതങ്ങൾ

ഹൈപ്പർ റിയാലിറ്റിയുടെ മനഃശാസ്ത്രപരമായ ആഘാതം പ്രത്യക്ഷപ്പെടുന്നത് പല രീതിയിലാണ്. പലപ്പോഴും ഉത്കണ്ഠ, വിഷാദം എന്നിവയിലേക്ക് ഇത് നയിക്കുന്നു. ഉപയോക്താക്കൾ അവരുടെ യഥാർത്ഥജീവിതത്തെ ഓൺലൈനിൽ കാണുന്ന ഐഡിയലൈസ്ഡ്, ഹൈപ്പർ റിയൽ പ്രാതിനിധ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ സ്വന്തം യാഥാർത്ഥ്യത്തിൽ അതൃപ്തി അനുഭവപ്പെട്ടേക്കാം. ഇത് സാമൂഹിക താരതമ്യ(social comparison) പ്രശ്നങ്ങളിലേക്ക് നയിച്ചേക്കാം (Vogel et al., 2014). വിജയം, സൗന്ദര്യം, സന്തോഷം എന്നിവയെ സംബന്ധിച്ച വികലമായ കാഴ്ചപ്പാടുകൾ ഇത് പ്രോത്സാഹിപ്പിക്കുകയും അയഥാർത്ഥ മാനദണ്ഡങ്ങൾ പാലിക്കാൻ ഉപയോക്താക്കൾ നിർബന്ധിതരാവുകയും ചെയ്യും. ഇത് കൂടാതെ ലൈക്കുകളുടെയും, ഷെയറുകളുടെയും എണ്ണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും യഥാർത്ഥ നേട്ടങ്ങൾക്ക് പകരം ഡിജിറ്റൽ മൂല്യനിർണയത്തെ അടിസ്ഥാനമാക്കിയുള്ള ഒരു ഹൈപ്പർ റിയൽ മെട്രിക്കിന് സ്വയം സമർപ്പിക്കുകയും ചെയ്യുന്നു. ഉപയോക്താക്കൾ ഈ സാങ്കൽപ്പിക യാഥാർത്ഥ്യത്തിൽ കൂടുതൽ വ്യാപൃതരാകുന്നതോടെ, അവരുടെ ഓൺലൈൻ നെറ്റ്‌വർക്കുകളിൽ നിന്നുള്ള ബാഹ്യവും പലപ്പോഴും ഉപരിപ്ലവവുമായ മൂല്യനിർണ്ണയത്തെ ആശ്രയിക്കുകയും, സംതൃപ്തിയുടെ ആന്തരിക സ്രോതസ്സുകളുമായുള്ള ബന്ധം ക്രമേണ അവർക്ക് നഷ്ടപ്പെടുകയും ചെയ്യുന്നു.

## അതീതയാഥാർത്ഥ്യലോകത്തെ സ്വത്വവും പ്രകടനപരതയും

മാറിവരുന്ന ഡിജിറ്റൽ ട്രെൻഡുകൾക്കോ സാമൂഹിക പ്രതീക്ഷകൾക്കോ അനുസരിച്ച് ഡിജിറ്റൽ ഉപഭോക്താക്കൾക്ക് തങ്ങളുടെതന്നെ ഒരു ഡിജിറ്റൽ വേർഷൻ പ്രകടിപ്പിക്കേണ്ടിവരുന്ന സാഹചര്യമുണ്ടാവാം. വ്യത്യസ്ത പ്ലാറ്റ്ഫോമുകളിൽ വ്യക്തികൾ ഒന്നിലധികം ഐഡന്റിറ്റികൾ സ്വീകരിക്കുന്നുവെന്ന ടർക്കിളിന്റെ (2011) നിരീക്ഷണങ്ങളുമായി ഈ പെർഫോർമേറ്റിവ് ഐഡന്റിറ്റി പൊരുത്തപ്പെടുന്നു. ഇൻസ്റ്റാഗ്രാം, ടിക് ടോക്ക് പോലുള്ള പ്ലാറ്റ്ഫോമുകളിൽ,

സ്വത്വത്തിന്റെ ഹൈപ്പർ റിയൽ പതിപ്പ് - ഫിൽട്ടറുകൾ, എഡിറ്റുകൾ, ശ്രദ്ധാപൂർവ്വം തയ്യാറാക്കിയ വിവരണങ്ങൾ എന്നിവയിലൂടെ പരിപൂർണ്ണമാക്കിയത് - ഒരാളുടെ ശാരീരിക ഐഡന്റിറ്റിയെക്കാൾ പ്രാധാന്യമർഹിക്കുന്നു.

ഹൈപ്പർ റിയൽ ലോകത്തെ ഈ സ്വത്വവിഘടനം, വിച്ഛേദത്തിന്റേതായ ഒരു ബോധം വളർത്തുന്നു. ഉപയോക്താക്കൾ തങ്ങളുടെ ഡിജിറ്റൽ വ്യക്തിത്വത്തെ പരിപാലിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ആധികാരികത പിന്തള്ളപ്പെടുകയും ചെയ്യാനുള്ള സാധ്യത ഉയരുന്നു. ഈ ഹൈപ്പർ റിയൽ സാമൂഹികക്രമത്തിൽ, വ്യക്തികൾ യാഥാർത്ഥ്യത്തിന്റെ അനുകരണത്തെ ശാശ്വതമാക്കുന്ന ഉള്ളടക്കം തുടർച്ചയായി ഉൽപ്പാദിപ്പിക്കുന്ന ഒരു ഫീഡ്ബാക്ക് ലൂപ്പ്സൃഷ്ടിക്കുകയും ഐഡന്റിറ്റി ചരക്കാക്കി ഉപയോഗിക്കുകയും ചെയ്യുന്നു.

വെർച്വൽ ഐഡന്റിറ്റികളുടെ ഹൈപ്പർ റിയൽ വശങ്ങൾ മെച്ചപ്പെടുത്തുന്നതിൽ AI യുടെ പങ്ക്-ഓഗ്മെന്റഡ് റിയാലിറ്റി ഫിൽട്ടറുകൾ, ചാറ്റ്ബോട്ടുകൾ, വെർച്വൽ ഇൻഫ്ലുവൻസറുകൾ എന്നിവയിലൂടെ- വ്യക്തികൾ സ്വയം ക്യൂറേറ്റ് ചെയ്ത പതിപ്പുകൾ നടത്തുന്ന ഐഡന്റിറ്റി ദ്രവ്യതയുടെ ഒരു അവസ്ഥ വളർത്തുന്നു, ആധികാരികവും അനുകരണസ്വഭാവമുള്ള സ്വയം അവതരണങ്ങളും തമ്മിലുള്ള രേഖ മങ്ങുന്നു.

**രാഷ്ട്രീയവും സംസ്കാരവും- അതീതയാഥാർത്ഥ്യത്തിൽ**

അതീതയാഥാർത്ഥ്യം വ്യക്തിഗത ഐഡന്റിറ്റിയിൽ ഒതുങ്ങുന്നില്ല. അത് രാഷ്ട്രീയ-സാംസ്കാരികമണ്ഡലങ്ങളിലേക്കും വ്യാപിച്ചു കഴിഞ്ഞു. ഡിജിറ്റൽ യുഗത്തിൽ, രാഷ്ട്രീയ പ്രചാരണങ്ങൾ മാധ്യമ അനുകരണങ്ങളെയും പ്രകടനപരതയെയും ആശ്രയിക്കുന്നു. 2016- ലെ യുഎസ് പ്രസിഡന്റ് തിരഞ്ഞെടുപ്പാണ് ഇതിനുദാഹരണം. മാധ്യമങ്ങൾ സൃഷ്ടിക്കുന്ന സെൻസേഷണലിസം, മീമുകൾ, വൈറൽ ഉള്ളടക്കം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിലൂടെ ഒരു ഹൈപ്പർ റിയൽ അന്തരീക്ഷം സൃഷ്ടിക്കപ്പെട്ടു. രാഷ്ട്രീയ വ്യവഹാരങ്ങൾ പ്രകടനപരതക്ക് വഴിമാറിക്കൊടുക്കുന്ന കാഴ്ചയായിരുന്നു ഇത്. രാഷ്ട്രീയ നേതാക്കന്മാരുടെ കാര്യം തന്നെ നോക്കുക, അനുയായികൾക്ക് വേണ്ട/അവർ സൃഷ്ടിച്ചെടുത്ത സങ്കല്പങ്ങളെ ഉൾകൊള്ളുന്ന/പ്രതിനിധീകരിക്കുന്ന തരത്തിലുള്ള വ്യക്തിത്വങ്ങൾ സ്വീകരിക്കുന്നു. സംസ്കാരവും ഹൈപ്പർറിയൽ സ്വാധീനത്തിൽ നിന്ന് വിമുക്തമല്ല. ഇൻഫ്ലുൻസർ സംസ്കാരം തന്നെയാണ് ഇതിന് മികച്ച ഉദാഹരണം. മാധ്യമ പ്രതിനിധാനങ്ങൾ ഇത്തരത്തിലാണ് യാഥാർഥ്യത്തെ മറികടക്കുന്നതെന്ന് ഇൻഫ്ലുൻസർ സംസ്കാരത്തിലൂടെ മനസിലാക്കാം. ഉപഭോഗവും സ്വത്വവും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്ന സിമുലേറ്റഡ് ലോകങ്ങൾ അവർ സൃഷ്ടിക്കുന്നു. ഒരു ഹൈപ്പർ റിയൽ സമൂഹത്തിൽ, യാഥാർത്ഥ്യം അതിനെ പ്രതിനിധീകരിക്കുന്ന പകർപ്പുകളിൽ നിന്ന് വേർതിരിച്ചറിയാൻ കഴിയില്ലെന്ന ബോഡ്രിയാറിന്റെ ധാരണയെ ഇത് പ്രതിഫലിപ്പിക്കുന്നു

**ഉപസംഹാരം**

ഡിജിറ്റൽ യുഗത്തിൽ ഹൈപ്പർ റിയാലിറ്റി ഏതെല്ലാം രീതിയിൽ പ്രത്യക്ഷമാകുന്നുവെന്നും ഇത് സാമൂഹികക്രമത്തെ എങ്ങനെ രൂപപ്പെടുത്തുന്നുവെന്നുമാണ് ഈ പ്രബന്ധം വ്യക്തമാക്കുന്നത്. അതീതയാഥാർത്ഥ്യത്തിന്റെ പരിണതഫലം സൂചിപ്പിക്കുന്നത് ഡിജിറ്റൽ


ISSN: 2582 - 2594

പ്ലാറ്റ്ഫോമുകൾ മാധ്യസ്ഥം വഹിക്കുകയും ഇവയിലൂടെ രൂപപ്പെടുകയും ചെയ്യുന്ന ഒരു ഭാവികാലത്തിന്റെ സൂചനയാണുള്ളത്. ഡിജിറ്റൽ ഉള്ളടക്കത്തെയും ഇടപെടലുകളെയും നിയന്ത്രിക്കുന്ന അൽഗോരിതങ്ങൾ യാഥാർത്ഥ്യസൃഷ്ടിയുടെ നിർമ്മാണത്തിൽ ശക്തമായ പങ്ക് വഹിക്കുന്ന തു തുടരും. സത്യം, ഐഡന്റിറ്റി, സാമൂഹികമാനദണ്ഡങ്ങൾ എന്നിവ വ്യക്തികളും സമൂഹവും എങ്ങനെ നിർവചിക്കുന്നു എന്നത് കാലഘട്ടത്തിനനുസരിച്ച് മാറുന്നു. ഡിജിറ്റൽ കാലത്തിന്റെ ബൈനറി ഡിജിറ്റുകളുടെ ലോകം യഥാർത്ഥ അനുഭവങ്ങളും മീഡിയേറ്റഡ് അനുഭവങ്ങളും തമ്മിലുള്ള വിഭജനം സൃഷ്ടിക്കാൻ കഴിയും. ആത്യന്തികമായി ഇത് 'യാഥാർത്ഥ്യം' എന്താണെന്നതിനെക്കുറിച്ചുള്ള സമൂഹത്തിന്റെ ധാരണയെ പുനർനിർമ്മിക്കുന്നു

## References


- Baudrillard, Jean. Simulacra and Simulation. University of Michigan Press, 1994.
- Castells, Manuel. The Rise of the Network Society: The Information Age: Economy, Society, and Culture. Wiley-Blackwell, 2010.
- McLuhan, Marshall. Understanding Media: The Extensions of Man. McGraw-Hill, 1964.
- Pariser, Eli. The Filter Bubble: What the Internet Is Hiding from You. Penguin Press, 2011.
- Postman, Neil. Amusing Ourselves to Death: Public Discourse in the Age of Show Business. Viking Penguin, 1985.
- Pariser, Eli. The Filter Bubble: What the Internet Is Hiding from You. Penguin Press, 2011.
- Putnam, Robert D. Bowling Alone: The Collapse and Revival of American Community. Simon & Schuster, 2000.
- Turkle, Sherry. Alone Together: Why We Expect More from Technology and Less from Each Other. Basic Books, 2011.
- Vogel, Erin A., et al. "Social Comparison, Social Media, and Self-Esteem." Psychology of Popular Media Culture, vol. 3, no. 4, 2014, pp. 206–22.